(സി) ഈ വ്യവസ്ഥകളനുസരിച്ചുള്ള ശമ്പള പരിഷ്ക്കരണം എന്നു മുതൽ നടപ്പിൽ വരുത്തണമെന്നാണ് കോടതി നിർദ്ദേശിച്ചത് ;

(ഡി) അതിന്റെ അടിസ്ഥാനത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) സംസ്ഥാന വിദ്യാഭ്യാസ ഉപദേശക ബോർഡ് ഇക്കാര്യത്തിൽ എന്തെങ്കിലും ശുപാർശ ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(എഫ്) പുതിയ ശമ്പള പരിഷ്ക്കരണം എന്നു മുതൽ നടപ്പാക്കാനാവുമെന്ന് വെളിപ്പെടുത്തുമോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) 31-5-1999-ൽ

(ബി) അംഗീകൃത അൺ എയിഡഡ് സ്കൂൾ ജീവനക്കാർക്ക് ശമ്പളം പരിഷ്കരിക്കുന്ന കാര്യം പരിഗണിക്കണമെന്നും കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ അദ്ധ്യായം 14 എഎ പ്രകാരമുള്ള വ്യവസ്ഥകൾ 1999-2000 അദ്ധ്യയനവർഷം മുതൽ നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചിരുന്നു.

(സി) വിധിന്യായ തീയതി മുതൽ ഒൻപതു മാസത്തിനകം.

(ഡി) 30-9-1999-ലെ സർക്കാർ ഉത്തരവനുസരിച്ച് അംഗീകൃത അൺ എയിഡഡ് സ്കൂളുകളിലെ ജീവനക്കാരുടെ കുറഞ്ഞ ശമ്പളം നിശ്ചയിക്കുകയുണ്ടായി. 3-3-2000-ലെ ജി.ഒ. (എം. എസ്.) 82/2000/പൊ.വി. പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14 എ എ യിലെ വ്യവസ്ഥകൾക്കെതിരെ ഏർപ്പെടുത്തിയിരുന്ന വിലക്ക് പിൻവലിക്കുകയുണ്ടായി.

(ഇ) ഇല്ല.

(എഫ്) 30-9-1999-ലെ ജി.ഒ. (എം. എസ്.) 244/99/പൊ.വി. നമ്പർ ഉത്തരവു പ്രകാരം നിശ്ചയിച്ചിട്ടുള്ള ശമ്പള നിരക്ക് അംഗീകൃത അൺ എയിഡഡ് സ്കൂൾ ജീവനക്കാർക്ക് ടി ഉത്തരവു തീയതി മുതൽ നടപ്പിൽ വരുന്നതാണ്.

പ്ലസ് ടു അദ്ധ്യാപക നിയമനത്തിനായി യോഗ്യതാ പരീക്ഷ നടത്താൻ ഏജൻസി

19 (* 554) ശ്രീ. എൻ. കണ്ണൻ :
ശ്രീ. എളമരം കരീം :
ശ്രീ. എം. വി. ജയരാജൻ :
ശ്രീ. ടി. കെ. നൗഷാദ് :
ശ്രീ. ആനത്തലവട്ടം ആനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലസ് ടു അദ്ധ്യാപക നിമയനത്തിനായി യോഗ്യതാ പരീക്ഷ നടത്താൻ ഏതെങ്കിലും ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(സി) യു. ജി. സി. മാതൃകയിൽ പരീക്ഷ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ പരീക്ഷ നടത്തിപ്പിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ഡി) പരീക്ഷ എപ്പോൾ നടക്കുമെന്ന് വ്യക്തമാക്കുമോ ?

(ഇ) നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർക്കു വേണ്ട പരീക്ഷ നടത്തുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(എഫ്) ഇത്തരം യോഗ്യതാ പരീക്ഷ നടത്തുന്നതുവഴി അദ്ധ്യാപനരീതി മെച്ചപ്പെടുത്താൻ സഹായകമാകുമെന്ന് സർക്കാർ പ്രതീക്ഷിക്കുന്നുണ്ടോ ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) :

(എ) യോഗ്യതാ പരീക്ഷ നടത്തുന്നതിനുള്ള ചുമതല എൻട്രൻസ് പരീക്ഷാ കമ്മീഷ്ണറെയാണ് ഏൽപ്പിച്ചിരിക്കുന്നത്.

(ബി) പരീക്ഷ നടത്തി, ഫലം പ്രഖ്യാപിക്കുക എന്ന ചുമതലയാണ് എൻട്രൻസ് പരീക്ഷാ കമ്മീഷ്ണറിൽ നിക്ഷിപ്തമായിരിക്കുന്നത്.

(സി) ഉണ്ട്. പൊതു വിജ്ഞാനവും അദ്ധ്യാപന അഭിരുചിയും, അതതു വിഷയത്തിൽ പി. ജി. നിലവാരത്തിലുള്ള അറിവും അളക്കാനുതകുന്ന വിധത്തിലാണ് പരീക്ഷ നടത്താൻ ഉദ്ദേശിക്കുന്നത്.

(ഡി) മേയ് മാസത്തിൽ നടത്താനാണുദ്ദേശിക്കുന്നത്.

(ഇ) പ്ലസ് ടൂ അദ്ധ്യാപകരാകാനുള്ള യോഗ്യതാ പരീക്ഷ എല്ലാ വിഭാഗക്കാർക്കും ഒരേ മാതൃകയിലാണ് നടത്തുന്നത്.

(എഫ്) പ്രതീക്ഷിക്കുന്നുണ്ട്.

വ്യാജ വീഡിയോ കാസറ്റുകൾ

20 (* 555) ശ്രീ. പി. ടി. കുഞ്ഞിമുഹമ്മദ് :
ശ്രീ. പി. രാഘവൻ :
ശ്രീ. എം. ദാസൻ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യാജ വീഡിയോ കാസറ്റുകൾ പെരുകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വ്യാജ വീഡിയോ കാസറ്റുകൾ സിനിമാ വ്യവസായത്തിനും സർക്കാരിനും സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly